ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 04.06.2024

## പ്രധാന വാർത്തകൾ

TIME : 07.25 PM

1. ലോക്സഭാ തെരഞ്ഞെടുപ്പിൽ 290-ലേറെ സീറ്റിൽ മുന്നേറി **NDA** സഖ്യം കേവല ഭൂരിപക്ഷത്തിലേക്ക്; കരുത്തുറ്റ പോരാട്ടം നടത്തിയ **I.N.D.I** സഖ്യം 230-ലേറെ സീറ്റിൽ മുന്നിൽ.

   **In the Lok Sabha elections, the NDA alliance is leading in 291 seats to an absolute majority; The I.N.D.I alliance, which put up a strong fight, is leading in 233 seats.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് വാരാണസിയിൽ ഒന്നര ലക്ഷത്തിലേറെ വോട്ടിൻറെ ജയം; വയനാട്ടിൽ വെന്നിക്കൊടി പാറിച്ച് രാഹുൽ ഗാന്ധി; ജയം മൂന്നര ലക്ഷത്തിലേറെ വോട്ടിന്.

   **Prime Minister Narendra Modi wins Varanasi by over 1.5 lakh votes; Rahul Gandhi hoists bonfire in Wayanad; Won by more than 3.5 lakh votes.**

3. കേരളത്തിൽ 20ൽ 18ലും **UDF**; തൃശൂരിൽ സുരേഷ് ഗോപിയിലൂടെ അക്കൗണ്ട് തുറന്ന് **BJP**; **LDF** ജയം ആലത്തൂരിൽ; ആറ്റിങ്ങലിൽ റീ കൗണ്ടിങ്.

   **UDF in 18 out of 20 seats in Kerala; BJP Opens Account Through Suresh Gopi in Thrissur; LDF wins in Alathur; Recounting in Attingal.**

4. ആന്ധ്രപ്രദേശ് നിയമസഭാ തെരഞ്ഞെടുപ്പിൽ ജയമുറപ്പിച്ച് ടിഡിപി; ഒഡിഷയിൽ ബിജെപിയും അധികാരത്തിലേക്ക്.

   **TDP leads Andhra Pradesh Assembly elections; BJP to come to power in Odisha.**

**&&&&&&&&&&&&&&**

## HEADLINE 1, 2

## INDIA-ELECTION

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ അവസാനഘട്ടത്തിലേക്കെത്തുമ്പോൾ 291 സീറ്റുകളിൽ മുന്നേറി എൻ ഡി എ മുന്നണി കേവലഭൂരിപക്ഷത്തിലേക്ക്. ഐ എൻ ഡി ഐ എ സഖ്യം 233 സീറ്റുകളിൽ മുന്നിലാണ്. വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് നടന്നത്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഒന്നര ലക്ഷത്തിലേറെ വോട്ടുകൾക്ക് വിജയിച്ചു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വയനാട് മണ്ഡലത്തിൽ 3,64,422 വോട്ടുകൾക്ക് വിജയിച്ചു. റായ്ബറേലിയിൽ 3,90,030 വോട്ടുകളാണ് രാഹുലിൻറെ ഭൂരിപക്ഷം. കേന്ദ്ര മന്ത്രിമാരായ അമിത് ഷാ ഏഴുലക്ഷത്തിലേറെ വോട്ടുകൾക്കും, പർഷോത്തം രൂപാല നാല് ലക്ഷത്തിലേറെ വോട്ടുകൾക്കും വിജയിച്ചു. കേന്ദ്രമന്ത്രിമാരായ നിതിൻ ഗഡ്കരി, പിയുഷ് ഗോയൽ, അർജുൻ റാം മേഘ്‌വാൾ, ഭുപേന്ദർ യാദവ്, പ്രൾഹാദ് ജോഷി, അനുരാഗ് സിങ് ഠാക്കൂർ, സർബാനന്ദ സോനോവാൾ, കിരൺ റിജിജു എന്നിവരും വിജയിച്ച പ്രമുഖരിൽ ഉൾപ്പെടുന്നു. അതേസമയം അമേഠിയിൽ നിന്നും ജനവിധി തേടിയ കേന്ദ്രമന്ത്രി സ്മൃതി ഇറാനി പരാജയപ്പെട്ടു.

**************************************

## HEADLINE 3
## KERALA RESULT

അന്തിമ കണക്കുകൾ പുറത്തു വന്നപ്പോൾ കേരളത്തിലെ 20 മണ്ഡലങ്ങളിൽ യുഡിഎഫ് 18 ഇടത്തും എൽഡിഎഫ് ഒരിടത്തും എൻ.ഡി.എ ഒരു സീറ്റിലും വിജയിച്ചു. ശക്തമായ ത്രികോണ മത്സരം നടന്ന തിരുവനന്തപുരത്ത് യു.ഡി.എഫിൻറെ ശശി തരൂർ 16,000-ത്തോളം വോട്ടിൻറെ ഭൂരിപക്ഷത്തിലാണ് ജയിച്ചത്. എൻ.ഡി.എ സ്ഥാനാർത്ഥിയും കേന്ദ്രമന്ത്രിയുമായ രാജീവ് ചന്ദ്രശേഖർ കനത്ത പോരാട്ടം കാഴ്ച വച്ചെങ്കിലും തുടർച്ചയായ നാലാം വട്ടവും വിജയം ശശി തരൂരിനെ തേടിയെത്തുകയായിരുന്നു. ആറ്റിങ്ങലിൽ വോട്ടെണ്ണ പൂർത്തിയായപ്പോൾ യുഡിഎഫിൻറെ അടൂർ പ്രകാശ് 1,700-

ഓളം വോട്ടുകൾക്ക് മുന്നിലെത്തി. എൽ.ഡി.എഫിൻറെ വി.ജോയ് ഇഞ്ചോടിഞ്ച് പോരാട്ടത്തിലാണ് പിന്നിലായത്. അതിനിടെ, ആറ്റിങ്ങലിൽ എൽഡിഎഫ് റീകൗണ്ടിംഗ് ആവശ്യപ്പെട്ടു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട് ചേരുന്നു.**

**1. രജു ആറ്റിങ്ങൽ മണ്ഡലത്തിൽ എന്താണ് റീകൗണ്ടിംഗുമായി ബന്ധപ്പെട്ട് പുതിയ വിവരങ്ങൾ ?**

(ലൈവ് വോയിസ്)

തൃശൂരിൽ 74,000-ത്തോളം വോട്ടുകളുടെ ഭൂരിപക്ഷം നേടി എൻ.ഡി.എ യുടെ സുരേഷ് ഗോപി ചരിത്ര വിജയം സ്വന്തമാക്കി. തൃശ്ശൂരിൽ എൽഡിഎഫ് രണ്ടാമതും യു.ഡി.എഫ് മൂന്നാമതുമാണ്. ദേശീയ രാഷ്ട്രീയം ഉറ്റു നോക്കുന്ന വയനാട്ടിൽ യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ ഗാന്ധി മൂന്നര ലക്ഷത്തിലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിൽ തകർപ്പൻ ജയം സ്വന്തമാക്കി.

**വയനാട്ടിൽ നിന്നും വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് ചേരുന്നു.**

(വോയിസ്)

കൊല്ലത്ത് യു.ഡി.എഫിൻറെ എൻ.കെ പ്രേമചന്ദ്രൻ ഒരു ലക്ഷത്തി 48,000-ത്തിലേറെ വോട്ടുകളുടെ ലീഡിലാണ് ജയിച്ചത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സിപിഎം വിജയിച്ച ഏക സീറ്റായ ആലപ്പുഴയിൽ യു.ഡി.എഫിന്റെ കെ.സി വേണുഗോപാൽ അറുപതിനായിരത്തിലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. മാവേലിക്കരയിൽ ശക്തമായ പോരാട്ടം കാഴ്ച വച്ച എൽ.ഡി.എഫിന്റെ സി.എ അരുൺ കുമാറിനെതിരെ യു.ഡി.എഫ് സ്ഥാനാർഥി കൊടിക്കുന്നിൽ സുരേഷ് 10,000-ത്തോളം വോട്ടിന്റെ ഭൂരിപക്ഷം നേടി വിജയിച്ചു.

പത്തനംതിട്ടയിൽ യുഡിഎഫിന്റെ ആൻറോ ആൻറണി 66,000-ലേറെ വോട്ടുകൾക്ക് ജയിച്ചു. കോട്ടയത്ത് യുഡിഎഫിന്റെ ഫ്രാൻസിസ് ജോർജ് 87,000-ത്തോളം വോട്ടുകൾക്ക് വിജയിച്ചു. ഇടുക്കിയിൽ യു.ഡി.എഫ് സ്ഥാനാർഥിയും സിറ്റിംഗ് എംപിയുമായ ഡീൻ കുര്യാക്കോസ് ഒരു ലക്ഷത്തി മുപ്പത്തിനായിരത്തിലേറെ വോട്ടുകൾക്ക് ജയിച്ചു. എറണാകുളത്ത് യുഡിഎഫിന്റെ ഹൈബി ഈഡൻ രണ്ടര ലക്ഷത്തോളം വോട്ടിന്റെ വ്യക്തമായ ഭൂരിപക്ഷത്തിൽ വിജയിച്ചു. ചാലക്കുടിയിൽ യുഡിഎഫിൻറെ ബെന്നി ബഹനാൻ 60,000-ലേറെ വോട്ടുകൾക്കാണ് ജയിച്ചത്. ആലത്തൂരിൽ യുഡിഎഫിൻറെ സിറ്റിംഗ് എംപി രമ്യ ഹരിദാസിനെതിരെ എൽഡിഎഫിന്റെ കെ.രാധാകൃഷ്ണൻ 19,000-ത്തോളം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. പാലക്കാട് യുഡിഎഫിന്റെ വി. കെ. ശ്രീകണ്ഠൻ 75,000-ത്തോളം വോട്ടിന്റെ ലീഡിൽ ജയിച്ച് മണ്ഡലം നിലനിർത്തി. പൊന്നാനിയിൽ യുഡിഎഫിന്റെ അബ്ദുസ്സമദ് സമദാനി രണ്ടു ലക്ഷത്തി 30,000 ലേറെ വോട്ടുകൾക്ക് ഉജ്ജ്വല വിജയം നേടി. മലപ്പുറത്ത് യുഡിഎഫിൻറെ ഇ. ടി മുഹമ്മദ് ബഷീർ രണ്ടു ലക്ഷത്തി 98,000-ത്തിലേറെ വോട്ടുകളുടെ ശക്തമായ ഭൂരിപക്ഷത്തിൽ വിജയിച്ചു. കോഴിക്കോട് യുഡിഎഫിന്റെ എം കെ  രാഘവൻ ഒരു ലക്ഷത്തി 45,000-ത്തിൽപരം വോട്ടുകൾക്ക് ജയിച്ചു. വടകരയിൽ എൽഡിഎഫ് സ്ഥാനാർഥിയായ കെ.കെ ശൈലജയോട് ശക്തമായ പോരാട്ടം കാഴ്ച വച്ച യുഡിഎഫിന്റെ ഷാഫി പറമ്പിൽ ഒരു ലക്ഷത്തി 15,000-ത്തോളം വോട്ടുകൾക്ക് വിജയിച്ചു. ഒരു ലക്ഷത്തി 12,000-ത്തോളം വോട്ടുകൾക്ക് കണ്ണൂരിൽ യുഡിഎഫിന്റെ കെ സുധാകരൻ വിജയിച്ചു. കാസർകോട് 85,000-ത്തിലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിൽ യുഡിഎഫിന്റെ രാജ്മോഹൻ ഉണ്ണിത്താൻ വിജയിച്ചു.

************************************

## HEADLINE 4
## ANDRA PRADESH-ODISHA

ആന്ധ്രാപ്രദേശ്, ഒഡീഷ നിയമസഭാ തിരഞ്ഞെടുപ്പിൽ ഭരണകക്ഷികൾ കനത്ത പരാജയം ഏറ്റുവാങ്ങി. ആന്ധ്രാപ്രദേശിൽ ഭരണകക്ഷിയായ YSR കോൺഗ്രസിനെ, TDP-BJP- JSP സഖ്യം പരാജയപ്പെടുത്തുകയായിരുന്നു. 175 സീറ്റുകളിൽ 136 ഇടത്ത് തെലുഗ് ദേശം പാർട്ടിയും, 8 ഇടത്ത് ബിജെപിയും 21 സീറ്റിൽ ജെ.എസ്.പിയും വിജയമുറപ്പിച്ചു. ഭരണകക്ഷിയായ YSR കോൺഗ്രസിന് 10 സീറ്റിൽ മാത്രമാണ് വിജയിക്കാനായത്. ഒഡീഷയിൽ രണ്ട് ദശാബ്ദങ്ങൾ പിന്നിട്ട ബിജെഡി ഭരണത്തിന് അന്ത്യം കുറിച്ചുകൊണ്ടാണ് ബിജെപി സംസ്ഥാനത്ത് ഭൂരിപക്ഷം നേടിയത്. 147 നിയമസഭാ മണ്ഡലങ്ങളിൽ 80 സീറ്റുകളിൽ ബി ജെ പിയാണ് മുന്നിൽ. ഭരണകക്ഷിയായ ബിജു ജനതാദൾ 49 ഇടങ്ങളിലും കോൺഗ്രസ് 14 മണ്ഡലങ്ങളിലും ലീഡ് ചെയ്യുന്നു.

************************************

## SOUTH INDIA - COUNTING

തമിഴ്നാട്ടിൽ 39 ലോക്സഭാ സീറ്റുകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ഡിഎംകെ- കോൺഗ്രസ് സഖ്യം എല്ലാ സീറ്റുകളിലും വിജയം ഉറപ്പിച്ചു. DMK 22 സീറ്റുകളിലും കോൺഗ്രസ് 9 സീറ്റുകളിലും മുന്നിലാണ്. CPIM - ഉം CPI-ഉം വി.സി കെയും 2 സീറ്റുകളിൽ വീതം ലീഡ് ചെയ്യുന്നു. എംഡിഎംകെ യും, മുസ്ലീം ലീഗും ഓരോ സീറ്റുകളിൽ മുന്നിലാണ്. കർണാടകയിലെ 28 ലോക്സഭാ സീറ്റുകളിൽ 17 ഇടത്ത് BJP യും 9 മണ്ഡലങ്ങളിൽ കോൺഗ്രസും വിജയം ഉറപ്പിച്ചു. JDS 2 സീറ്റുകളിലാണ് മുന്നിൽ. ആന്ധ്രാപ്രദേശിലെ 25 മണ്ഡലങ്ങളിൽ TDP 16 സീറ്റുകളിൽ മുന്നിലാണ്. സഖ്യകക്ഷിയായ ബിജെപി 3 മണ്ഡലങ്ങളിലും, ഭരണകക്ഷിയായ YSR കോൺഗ്രസ് 4 മണ്ഡലങ്ങളിലും ലീഡ് ചെയ്യുന്നു. തെലങ്കാനയിലെ 17 ലോക്സഭ മണ്ഡലങ്ങളിൽ ബി ജെ പിയും കോൺഗ്രസും 8 വീതം സീറ്റുകളിൽ മുന്നിലാണ്.

ഹൈദരാബാദിൽ AIMIM വിജയത്തിലേക്കടുക്കുകയാണ്. ഗോവയിലെ രണ്ട് മണ്ഡലങ്ങളിൽ ബിജെപിയും കോൺഗ്രസും ഓരോ സീറ്റുകളിൽ ലീഡ് ചെയ്യുന്നു.

*************************************

## LAKSHADWEEP (INTRO)

ലക്ഷദ്വീപിൽ കോൺഗ്രസ് സ്ഥാനാർത്ഥി മുഹമ്മദ് ഹംദുള്ള സെയ്ദ് 2,600 ലേറെ വോട്ടുകൾക്ക് സിറ്റിംഗ് എംപിയും എൻസിപി ശരത് പവാർ പക്ഷ നേതാവുമായ പി.പി അബ്ദുൾ ഫൈസലിനെ പരാജയപ്പെടുത്തി.

വിശദാംശങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം ചേരുന്നു.

(വോയിസ്)

*************************************

## REACTION NATIONAL

മികച്ച വിജയം നേടിയ എൻഡിഎ വീണ്ടും അധികാരത്തിലെത്തുമെന്ന് കേന്ദ്ര മന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ പ്രതികരിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം ജനങ്ങളുടെ തീരുമാനമാണെന്നും വിധി അംഗീകരിക്കുന്നതായും കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ. ഇത് ജനങ്ങളുടെയും ജനാധിപത്യത്തിന്റെയും വിജയമാണെന്നും ഖർഗെ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കോൺഗ്രസ് നേതാക്കളായ ജയറാം രമേശ്, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു. ബിജെപി ഉയർത്തിയ കനത്ത വെല്ലുവിളികൾക്കിടയിലും ഐ.എൻ.ഡി.ഐ സഖ്യം മികച്ച പ്രകടനം കാഴ്ച വച്ചതായി തൃണമൂൽ കോൺഗ്രസ് നേതാവും പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയുമായ മമ്ത ബാനർജി പറഞ്ഞു.

*************************************

## REACTION KERALA

കേരളത്തിൽ യുഡിഎഫ് തരംഗമെന്ന് യുഡിഎഫ് കൺവീനർ എംഎം ഹസൻ. മതേതര ജനാധിപത്യത്തിൻറെ യശസ്സ് ഉയർത്തിയ തിരഞ്ഞെടുപ്പ് ഫലമാണ് ഐ.എൻ.ഡി.ഐ മുന്നണിയുടേതെന്നും ശ്രീ ഹസ്സൻ പറഞ്ഞു. കേരളത്തിൽ ആദ്യമായി എൻ.ഡി.എ വൻ വിജയം നേടിയതിൽ അഭിമാനമെന്ന് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ പറഞ്ഞു. തൃശ്ശൂരിലെ വിജയം ഒരു വലിയ മാറ്റത്തിൻറെ തുടക്കമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തിരഞ്ഞെടുപ്പിലെ പരാജയം അംഗീകരിക്കുന്നതായും തെറ്റുകൾ പരിശോധിച്ച് മുന്നോട്ടു പോകുമെന്നും സി.പി.ഐ(എം) സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പ്രതികരിച്ചു.

*

****************

**********************************************************